**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3922** **06-08-2021 - ൽ മറുപടിയ്ക്ക്**

**കോങ്കയം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഡൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ കോങ്കയം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന പദ്ധതിയുടെ വിപുലീകരണത്തിനായി പമ്പിങ് മെയിൻ അഭിവൃദ്ധിപ്പെടുത്തലും പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തിയും നിലവിൽ ജലജീവൻ മിഷന്റെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ശുദ്ധജല വിതരണം നടത്തുന്നതിന് ശുദ്ധീകരണശാല ഉൾപ്പെടുന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. കോഡൂർ പഞ്ചായത്തിലെ മുഴുവൻ കണക്ഷനുകളിലും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുവാനുതകുന്ന തരത്തിലും ശുദ്ധീകരണശാല സഹിതം പഞ്ചായത്തിലെ ബാക്കി വീടുകൾക്ക് കണക്ഷൻ നൽകാനുതകുന്ന തരത്തിലും ജലജീവൻ മിഷന്റെ രണ്ടാം ഘട്ടത്തിൽ 5400/- ലക്ഷം രൂപയുടെ റിവൈസ്ഡ് DERതയ്യാറാക്കി State Water & Sanitation Committee യുടെ പരിഗണനയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മുപ്പത് വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത പദ്ധതിയുടെ ദ്രവിച്ച പൈപ്പ്ലൈനുകൾ മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | ജലജീവൻ മിഷന്റെ രണ്ടാം ഘട്ട പ്രവർത്തിയുടെ ഭാഗമായി അനുമതി നൽകുന്ന മുറക്ക് ദ്രവിച്ച വിതരണ ലൈനുകൾ മാറ്റി പുതുക്കി സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ